(സി)

ജില്ല	രജിസ്റ്റർ ചെയ്ത അപേക്ഷകളുടെ എണ്ണം	അംഗത്വം നൽകിയത്
തിരുവനന്തപുരം	28	7700
കൊല്ലം	...	...
പത്തനംതിട്ട	...	...
ആലപ്പുഴ	5	4100
കോട്ടയം	...	...
ഇടുക്കി	...	...
എറണാകുളം	5	1700
തൃശ്ശൂർ	2	800
പാലക്കാട്	4	1000
മലപ്പുറം	42	19700
കോഴിക്കോട്	19	10500
വയനാട്	...	...
കണ്ണൂർ	...	...
കാസർഗോഡ്	1	300
ആകെ	106	45800

ഹജ്ജ് തീർത്ഥാടനം

188 (1658) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് കർമ്മത്തിന് പോകാൻ 2010-ൽ എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ;

(ബി) ഇതിൽ എത്രപേർക്ക് ഹജ്ജിന് പോകാൻ അനുവാദം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ 2 വർഷം തുടർച്ചയായി അപേക്ഷ നൽകിയ 60 വയസ്സിന് മുകളിലുള്ള അപേക്ഷകരെ ഈ വർഷം നറുക്കെടുപ്പിൽ ഉൾപ്പെടുത്താതെ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) 2011-ലെ ഹജ്ജ് തീർത്ഥാടനത്തിനുവേണ്ടി എന്തെല്ലാം ഒരുക്കങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 38163.

(ബി) 8635.

(സി) കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് ഇക്കാര്യത്തിന്മേൽ തീരുമാനമെടുക്കേണ്ടതാണ്.

(ഡി) 2011-ലെ ഹജ്ജ് ആക്ഷൻ പ്ലാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഇതുവരെ തീരുമാനിച്ചിട്ടില്ല. 2011-ലെ ഹജ്ജിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

മത്സ്യമേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

189 (1659) ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് നമ്പർ 50/2009/പജ.പവ.വിവ, തീയതി 2-7-2009 മാതൃകയിൽ, ആവശ്യമായ മാറ്റങ്ങൾ വരുത്തി ഫിഷറീസ് മേഖലയിലെ അഹിന്ദുക്കളായ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് ഓരോ വർഷവും ശരാശരി ചെലവാകുന്ന തുക എത്രയെന്ന് അറിയിക്കുമോ ;

(സി) ഈ ഇനത്തിൽ ഇപ്പോൾ കുടിശ്ശികത്തുക എത്രയെന്ന് അറിയിക്കുമോ ;

(ഡി) എല്ലാ വർഷവും ബഡ്ജറ്റിൽ തന്നെ ഇതിനാവശ്യമായ തുക ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുഴുവൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാൻ കഴിയുന്ന വിധത്തിൽ 2-7-2009-ലെ 50/2009/പജപവ. ഉത്തരവിന്റെ മാതൃകയിലുള്ള ഉത്തരവ് ഫിഷറീസ് വകുപ്പിലും ഉടൻ തന്നെ പുറപ്പെടുവിക്കാൻ കഴിയുന്നതാണ്.

(ബി) കഴിഞ്ഞ 5 വർഷം അനുവദിച്ചു നൽകപ്പെട്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

2008-07	—	3.5 കോടി രൂപ
2007-08	—	3.5 "
2008-09	—	3.5 "
2010-11	—	11 "
ആകെ	—	30 "

LIBRARY ARCHIVES Kerala Legislative Assembly